"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര താലൂക്കിൽ ഓർക്കാട്ടേരിയിൽ 2025 എപ്രിൽ 21 മുതൽ 27 വരെ നടക്കുന്ന അഖിലേന്ത്യാ വോളിബോൾ ടൂർണമെന്റിനു വിനോദ നികുതിയിൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.954/2025/LSGD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റ് കമിറ്റി കൺവീനറുടെ 20/02/2025 ലെ നിവേദനം
2. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04.04.2025 ലെ 150-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വടകര താലൂക്കിൽ ഓർക്കാട്ടേരിയിൽ 2025 എപ്രിൽ 21 മുതൽ 27 വരെ അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റ് നടത്തുകയാണെന്നും ഡയാലിസിസ് സെന്റർ അടക്കമുള്ള വെൽനെസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനശേഖരണാർത്ഥമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും ടൂർണ്ണമെന്റ് കമ്മിറ്റി കൺവീനർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡയാലിസിസ് സെന്റർ അടക്കമുള്ള വെൽനെസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനശേഖരണാർത്ഥമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്ന പരാമർശം ഒന്നിലെ കൺവീനറുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഓർക്കാട്ടേരിയിൽ 2025 എപ്രിൽ 21 മുതൽ 27 വരെ നടക്കുന്ന അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദ നികുതിക്ക്, Kerala Local Authorities Entertainment Tax Act 1961, Section 7 പ്രകാരം , 50% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( RC2/178/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 11-04-2025 15:10:25

സെക്ഷൻ ഓഫീസർ